**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 586** **28-01-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡിലെ ക്രമക്കേട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അൻവർ സാദത്ത്
ശ്രീ. അൻവർ സാദത്ത്
ശ്രീ. ടി. സിദ്ദീഖ്
ശ്രീ. സജീവ് ജോസഫ്
ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡിലെ ഏജന്റുമാരും തൊഴിലാളികളും അടച്ച അംശാദായത്തിൽനിന്നും 14.93 കോടി രൂപ തട്ടിയെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്.

**(ബി)** അംശാദായം ബാങ്കിലേക്ക് അടയ്ക്കുന്നതിനും സർക്കാർ ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** അംശദായം അതത് ജില്ലാ ഓഫീസുകൾ മുഖേന സ്വീകരിച്ച് ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസുകളുടെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും അവിടെ നിന്നും ക്ഷേമനിധി ബോർഡിന്റെ ഹെഡ് ഓഫീസിന്റെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയുമാണ് ചെയ്തു വരുന്നത്.

ട്രഷറി മുഖേന ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസിന്റെ ഫെഡറൽ ബാങ്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്കും ക്ഷേമനിധി ബോർഡിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്കും അനുവദിക്കുന്ന സർക്കാർ ഗ്രാന്റുകൾ ഹെഡ് ഓഫീസിലെ ഫെഡറൽ ബാങ്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽനിന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകളിലെ കറന്റ് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ആയത് ആനുകൂല്യത്തിന് അർഹരായ ക്ഷേമനിധി അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കുക എന്നതാണ് നിലവിലുള്ള സംവിധാനം.

**(സി)** മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ പ്രവർത്തനത്തിൽ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ക്ഷേമനിധി ബോർഡിലെ സാമ്പത്തിക ക്രമക്കേടുകളിൽ കുറ്റക്കാരനെന്ന് പ്രാഥമികമായി കണ്ടെത്തിയിട്ടുള്ള ക്ലാർക്ക് ശ്രീ. സംഗീത് കെ.-യ്ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടിയാനെതിരെ പോലീസിൽ പരാതി നല്കുകയും അതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഈ വിഷയം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പുരോഗമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയോ ക്രമക്കേടോ സംഭവിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനായി ക്ഷേമനിധി ബോർഡിൽ ആഭ്യന്തര അന്വേഷണം നടത്തുന്നതിന് വകുപ്പുതല അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പിന്റെ ധനകാര്യ പരിശോധനാ വിഭാഗവും ഇക്കാര്യത്തിൽ അന്വേഷണം നടത്തി വരുന്നുണ്ട്. ടി അന്വേഷണങ്ങൾ സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**